# പൗരോഹിത്യവിളിയുടെ സുവർണ്ണ ജൂബിലി ആഘോഷിക്കുന്ന തോമസ് മോർ തീമോത്തിയോസ് തിരുമേനി.

**Rev.Fr. Jose Daniel Paitel. USA.**

ഭാഗ്യ സ്മരണാർഹനായ മലങ്കരയുടെ ഗർജ്ജിക്കുന്ന സിംഹം മീഖായേൽ മോർ ദിവന്നാസ്യോസ് തിരുമേനിയുടേയും സൗമ്യശീലനും ഭാഗ്യസ്മരണാർഹനുമായ ശ്രേഷ്ട കാതോലിക്കാ മോർ പൗലോസ് ദ്വിതീയൻ ബാവായുടേയും പുണ്യ ചരിതനായ മോർ ഗ്രീഗോറിയോസ് തിരുമേനിയുടേയും പിൻഗാമി തന്റെ മുൻ ഗാമികളെല്ലാവരുടേയും സവിശേഷതകളുടെ സ്വാംശീകരിച്ച വ്യക്തിത്വത്തിനു ടമായാകുന്നത് തികച്ചും സ്വാഭാവികം മാത്രമാണ്. ഷഷ്ടിപൂർത്തി നാളുകളുടെ പുതുമ മായുന്നതിനു മുമ്പ് പൗരോഹിത്യ നൽവരത്തിലേക്ക് അഭിഷേകം ചെയ്യ പ്പെട്ടതിന്റെ സുവർണ്ണജൂബിലി ആഘോഷിക്കുവാൻ ഭാഗ്യം ലഭിയ്ക്കുന്ന മെത്രാ പ്പോലീത്താ യിരമ്യാവിനേപ്പോലെ വിളിക്കപ്പെട്ടവനാണെന്നതിൽ തർക്കമില്ല. ബാല്യനൈർമ്മല്യങ്ങളോടെ വിളിക്കപ്പെട്ടിട്ട് അതൊട്ടും നഷ്ടമാക്കാതെ പൗരോഹിത്യ വിശുദ്ധിയിലേക്ക് പ്രവേശിക്കുവാൻ കഴിഞ്ഞ മുറിയാങ്കലച്ചനെ യാണ് എനിക്ക് ആദ്യം പരിചയപ്പെടുവാൻ കഴിഞ്ഞത്. 1976 ലെ ആദ്യ മാസങ്ങളൊന്നിൽ ഞാൻ എന്റെ തിരുമേനിയോടൊപ്പം മൂവാറ്റുപുഴയിൽ ശ്രേഷ്ട പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാ തിരുമേനിയുടെ അരമനയിൽ പോയപ്പോൾ മാലാഖമാരുടെ മുഖതേജസ്സുള്ള മുറിയാങ്കൽ അച്ചനെ പരിചയ പ്പെടുവാൻ ഇടയായി. ഇന്നും അതെന്റെ ചിരസ്മരണീയമായ ഒരോർമ്മയാണ്. രാജയോഗമനുഭവിക്കുമ്പോൾ ചക്രവർത്തിയാകുന്ന യോഗം മുറിയാങ്കലച്ചനുണ്ടെ ന്നറിഞ്ഞത് മടക്കയാത്രയിൽ എന്റെ തിരുമേനി തന്ന വിശദീകരണത്തിൽ നിന്നു മാണ്. അർ ഹതയും ഭാഗ്യവും യോഗ്യതയും നൈപുണ്യവും ഒത്തിണങ്ങിയ പൗരോഹിത്യവിളിയാണ് മോർ തീമോത്തിയോസ് തിരുമേനിയ്ക്ക് സിദ്ധമായത്. ഞാൻ തിരുവനന്തപുരം സെന്റ് പീറ്റേഴ്സ് കത്തീഡ്രൽ പള്ളിയുടെ വികാരിയാ യിരിക്കുമ്പോഴൊക്കെയും പലതവണ ആവർത്തിച്ച് കേൾക്കേണ്ടിവന്ന ഒരു നല്ല വാക്ക്കുറിക്കുന്നതിൽ അനൗചിത്യമില്ലെന്ന് കരുതുന്നു.

പരേതനായ എണ്ണയ്ക്കൽ ഈ ജേ ലൂക്കോസ്സ്സാർ എന്റെ ഇടവകയിലെ സണ്ടേസ്കൂൾ ഹെഡ്മാസ്റ്ററും ഭക്തനായ ഒരു സഭാസ്നേഹിയുമായിരുന്നു. കാലംചെയ്ത ശ്രേഷ്ട പൗലോസ് ദ്വിതീയൻ കാതോലിക്കാ കാതോലിക്കാ ബാവാ തിരുമേനിയോടൊപ്പം അദ്ദേഹത്തിന് ഒരു സന്ദർഭത്തിൽ യാത്ര ചെയ്യേണ്ടിവന്നു. കാറിൽ നിന്നിറങ്ങുമ്പോൾ ബാവാ തിരുമേനിയോടൊപ്പമുണ്ടാ യിരുന്ന കൊച്ചച്ചനെ ചൂണ്ടിക്കാണിച്ചുകൊണ്ട് ബാവാ തിരുമേനി സാറിനോട്ട് കല്പ്പിച്ചു. "ഇത് നിങ്ങൾക്കുള്ളതാ", അയ്യോ ഞങ്ങളുടെ അച്ചന് മാറ്റമാണോ? "പള്ളിയ്ക്കല്ല ഭദ്രാസനത്തിനാഎന്ന് ബാവാ തിരുമേനി മറുപടിയായി കല്പ്പിച്ചു. അന്ന് ബാവായോടൊപ്പമുണ്ടായിരുന്നത് മുറിയാങ്കലെ മുപ്പതു വയസ്സ് തികയാത്ത കൊച്ചച്ചനായിരുന്നു. ഇത് പറയുമ്പോൾ ലൂക്കോസ് സാർ അഭിമാന പുളകിതനാ കാറുണ്ട്. സാർ നല്ല യൗവനത്തിൽ പൊൻകുന്നത്ത് ജോലിയിലിരിക്കും കാലത്ത് ബാവാ അച്ചനായിരുന്നപ്പോൾ മുതലുള്ള സൗഹൃദമാണ് ബാവാതിരുമേനിയുമാ യുള്ളത്. മോർ തീമോത്തിയോസ് തിരുമേനിയോട്ട് ലൂക്കോസ് സാറിന് പൈതൃക വാത്സല്യം നിറഞ്ഞ ബഹുമാനമായിരുന്നു. മലങ്കരസഭയുടെ ശുഭകാലത്ത് വൈദീകശുശ്രൂഷ വ്രതമാക്കിയ ബാല്യമാണ് തിരുമേനിയുടേത്. പോസ്റ്റ് ഗ്രാജ്വേഷൻ കഴിഞ്ഞ് പഴയ സെമിനാരിയിൽ തിയോളജി വിദ്യാർത്ഥിയായിരി ക്കുമ്പോൾ സഭാന്തരീക്ഷം കലങ്ങിത്തുടങ്ങിയിരുന്നു.

ഒരു നല്ല മേച്ചിൽപ്പുറം കണ്ടപ്പോൾ കൂട്ടുകാരിൽ പലരും ശേഖേമിൽ തങ്ങി നിന്ന് കൊയ്ത്തു നടത്താനുള്ള ഒരുക്കത്തിലായിരുന്നു. പക്ഷേ മുറിയാങ്കൽ എം.കെ. തോമസ് ശെമ്മാശൻ നല്ല മേച്ചില്പ്പുറത്ത് മേയാൻ ഒരുങ്ങുന്നവനല്ല എന്ന് സ്വയംതെളിയിച്ച് അവിടം വിട്ടു, പരിശുദ്ധ പാത്രിയർക്കീസ് ബാവായെ തള്ളി പ്പറയുന്നവരുടെ ശിക്ഷണം ഉപേക്ഷിച്ച് മഞ്ഞിനിക്കര മോർ ഇഗ്നാത്തിയോസ് ദയറായിൽ അവിടെ വന്ദ്യ മാടപ്പാട്ടു യാക്കോബ് മോർ യൂലിയോസ് തിരുമേനി യുടെ ശിഷ്യത്വത്തിൽ അഭ്യസനം നടത്തി. അത് എനിക്ക് മറ്റൊരു തരത്തിൽ പ്രയോജനപ്പെട്ടു. തീമോത്തിയോസ് തിരുമേനി പഴയ സെമിനാരിയിൽ പഠിച്ച കുറെ നോട്ടുബുക്കുകൾ മഞ്ഞിനിക്കരയിൽ ഉപേക്ഷിച്ചിരുന്നു. ഞാൻ മഞ്ഞിനി ക്കരയിൽ പഠിക്കുന്ന കാലത്ത് പഴയ കുറെ ബുക്കുകളുടെ കൂട്ടത്തിൽ നിന്നും ഈ നോട്ടുബുക്കുകൾ കണ്ട് എടുത്തു കൊണ്ടു പോരാനും അവ വായിക്കാനും

പ്രയോജനപ്പെടുത്താനും ദൈവകൃപയാൽ സാധിച്ചു. ഇപ്പോഴും അവ എന്റെ കയ്യിലുണ്ട്.

തിരുമേനിയ്ക്ക് മുടങ്ങിപ്പോയ വേദശാസ്ത്രാഭ്യസനം തുടരുന്നതിന് ഏറ്റവും അനുയോജ്യമായ ഒരു സന്ദർഭമുണ്ടായത് മറ്റൊരു ദൈവീക നിയോഗമായിരുന്നു. ബാംഗ്ളൂർ പള്ളിയുടെ ആദ്യ വികാരിയായിരുന്നു തിരുമേനി എന്നാണെന്റെ ഓർമ്മ. അന്ന് യൂണിയൻ തിയോളജിക്കൽ സെമിനാരിയിൽ പഠിക്കാൻ അവസരം ലഭിച്ച പിളർപ്പിന്റെ കാലത്തെ ആദ്യ യാക്കോബായ വൈദീക വിദ്യാർത്ഥി മോർ തീമോത്തിയോസ് തിരുമേനിയായിരുന്നു. സഭയിലെ പിളർപ്പ് ക്നാനായ ഭദ്രാസനത്തിലെ ചില ആഭ്യന്തര കലഹങ്ങൾ എന്നിവ മൂലം പ്രൊട്ട സ്റ്റന്റ് സെമിനാരികളിൽ നമ്മുടെ വൈദീകരെ പഠിപ്പിക്കരുത് എന്ന നിലപാടാ യിരുന്നു അന്ന് ശ്രേഷ്ഠ കാതോലിക്കാ ബാവാ തിരുമേനിയ്ക്കും മറ്റ് തിരുമേനി മാർക്കും ഉണ്ടായിരുന്നത്. എന്നാൽ അതിനൊരു മാറ്റം ലഭിയ്ക്കാൻ കാരണം മോർ തീമോത്തിയോസ് തിരുമേനിയാണ്. പിന്നീട് നമ്മുടെ ശെമ്മാശ്ശന്മാർക്കും ബാംഗ്ളൂരിൽ പോയി നിന്ന് പഠിക്കാൻ അവസരം ഉണ്ടാകുകയും ഉന്നത ബിരുദ ങ്ങൾ നേടാനും അപ്രകാരം സാധിച്ചു. അതോടെ തിരുമേനിയുടെ പ്രവൃത്തന മേഖല കേരളത്തിൽ നിന്നും മാറി, ബാഹ്യ കേരളത്തിലായി. ബാഹ്യ കേരള ത്തിൽ ശ്രേഷ്ട പൗലോസ് ദ്വിതീയൻ കാതോലിക്കാ ബാവാതിരുമേനിയുടെ ആദ്യ സന്ദർശനം അനേക പുതിയ ദേവാലയങ്ങൾക്ക് കാരണമായി.പിന്നിട്ടു ബാഹ്യകേരളത്തിലെനമ്മുടെസഭയുടെ പുരോഗതി അഭിവന്ദ്യ തീമോത്തിയോസ് തിരുമേനിയുടെ ജീവചരിത്രത്തോട്ട് ചേർന്ന് നില്ക്കുന്നതാണ്.

കാലം ചെയ്ത മൂത്തേടത്ത് തോമസ് മോർ തെയോഫിലോസ് തിരുമേനിയുടെ കാലശേഷം ബാഹ്യ കേരളത്തിന്റെ സ്വതന്ത്ര ചുമതലയേറ്റപ്പോൾ മുതൽ തിരുമേനിയിലെ സംഘാടകന്റെ വൈഭവം സഭയ്ക്ക് മുതല്ക്കൂട്ടായി. അഭിമാന കരമായ നേട്ടങ്ങൾ കൊണ്ട് സഭയെ പോഷിപ്പിച്ച അക്കാലവും തിരുമേനിയ്ക്ക് പൊൻതൂവൽ നല്കുന്നതാണ്. കോട്ടയം ഭദ്രാസന മെത്രാപോലീത്താ, കൊല്ലം നിരണം തുമ്പമൺ ഭദ്രാസന മെത്രാപ്പോലിത്താ എന്നീ സന്ദർഭങ്ങൾ സഭ പലവിധ കഷ്ടതകളിലൂടെ കടന്നുപോയ കാലങ്ങളാണ്. അപ്പോഴൊക്കെ നിശ്ചയ ദാർഢ്യത്തോടെയും അടിയുറച്ച ദൈവഭക്തിയോടെയും നല്ല നേതൃത്വം

നല്കാൻ അഭിവന്ദ്യ തിരുമേനിയ്ക്കു കഴിഞ്ഞു. പരിശുദ്ധ സഭയ്ക്ക് നല്ല ഒരു പൗരോഹിത്യ നേതൃനിര വളർത്തിയെടുക്കാൻ കഴിഞ്ഞതാണ് അഭിവന്ദ്യ തിരുമേനിയുടെ മറ്റൊരു നേട്ടം. സമീപകാലത്ത് മേല്പ്പട്ട സ്ഥാനത്തേയ്ക്ക് അഭിഷിക്തരായ അനേകം തിരുമേനിമാർ അഭിവന്ദ്യ തിരുമേനിയുടെ ശിഷ്യ സമ്പത്തില്പ്പെട്ടവരാണ്. ഇത് അത്ഭുതപൂർവ്വമായ ഒരുനേട്ടമാണ്. മെത്രാപ്പോലീത്താ സ്ഥാനത്തെ തിരക്കുകൾ തിരുമേനിയിലെ നല്ല എഴുത്തുകാരനെ ക്ഷീണിപ്പിക്കുന്നത് ക്ഷന്തവ്യമല്ല. എന്നാണെന്റെ പക്ഷം. എന്റെ വായ്ക്ക് ഒരു കാവല്ക്കാരനേയും എന്റെ അധരങ്ങൾക്കൊരു സൂക്ഷിപ്പുകാരനേയും നിയമിക്കണമെ എന്ന് പ്രാർത്ഥിക്കുന്നവരാണ് എല്ലാ യാക്കോബായക്കാരും. എന്നാൽ അഭിവന്ദ്യ തീമോത്തിയോസ് തിരുമേനിയുടെ വായ്ക്കും അധരങ്ങൾക്കും കർത്താവ് നിയമിച്ച കാവല്ക്കാരനേപ്പോലെ ഒരു കാവല്ക്കാരനെ മറ്റാർക്കും നിയമിച്ചിട്ടില്ല. എത്ര പ്രലോഭനം വന്നാലും ആ തിരുവായിൽ നിന്നും ഒരു അഭിപ്രായം വീണു കിട്ടുമെന്നോ അതിൽ നിന്നൊരു വിവാദം ഉണ്ടാക്കാമെന്നോ ആരും വ്യാമോഹിക്കേണ്ടാ. ഭൂമിയിൽ നന്നായി അദ്ധ്വാനിക്കുന്ന ഒരു നല്ല കർഷകനാണ് തിരുമേനി എന്നത് അത്ഭുതപ്പെടുത്തുന്ന മറ്റൊരു അറിവായിരുന്നു എനിക്ക്. അദ്ദേഹത്തിന്റെ ഏറ്റവും പുതിയ നേട്ടമായിരിക്കും കോട്ടയത്തെ പുതിയ ഭദ്രാസന കേന്ദ്രം. ഈ ലേഖനം അവസാനിക്കുന്നില്ലാ തിരുമേനിയുടെ പരിശ്രമങ്ങളും സഭയ്ക്കു വേണ്ടിയുള്ള ജാഗ്രതയും അടുത്ത മറ്റൊരു സുവർണ്ണ ജൂബിലിയോളം നീളുമാറാകട്ടെ എന്ന് പ്രാർത്ഥിക്കുകയും ആശംസിക്കുകയും ചെയ്യുന്നു .